ഉത്തരം

(എ) കാക്കത്തുരുത്തിൽ കാർട്ടബിൾ പാലത്തിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(ബി) പാലത്തിന്റെ സാങ്കേതികാനുമതി നൽകിയ ശേഷമേ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളു.

(സി) 477 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷമേ പാലത്തിന്റെ പണി തുടങ്ങാൻ കഴിയുകയുള്ളു.

അരൂർ -കുമ്പളം പാലത്തിന്റെ ടോൾ പിരിവ്

181 (2281) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അരൂർ-കുമ്പളം പാലത്തിന്റെ ടോൾപിരിവ് നടത്താനുള്ള ടെണ്ടറിന്റെ കാലയളവ് എന്നുവരെയാണ് നല്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പാലം നിർമ്മാണച്ചെലവിന്റെ എത്ര ഇരട്ടി തുകയാണ് ടോൾ പിരിവിലൂടെ സമാഹരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 29-12-2010 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണച്ചെലവ് 1050.91 ലക്ഷം രൂപ

ടോൾ പിരിവിലൂടെ 18.11.2010 വരെ സമാഹരിച്ച തുക : 3058.42 ലക്ഷം രൂപ

മുരിങ്ങൂർ ഡിവൈൻ നഗർ ഓവർബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

182 (2282) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ചാലക്കുടി മണ്ഡലത്തിലെ മുരിങ്ങൂർ ഡിവൈൻ നഗർ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ;

(ബി) ഓവർബ്രിഡ്ജിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഓവർബ്രിഡ്ജ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. സ്ഥലം ഏറ്റെടുത്തതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(സി) സ്ഥലം ലഭിക്കുകയാണെങ്കിൽ 2011 ജനുവരിയിൽ ടെണ്ടർ ചെയ്യുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് നെല്ലിക്കുന്ന് പാലം പുനർനിർമ്മാണം

183 (2283) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാസർഗോഡ്, കടപ്പുറത്ത് ജീർണ്ണിച്ച് അപകടാവസ്ഥയിലായ നെല്ലിക്കുന്ന് പാലം പുനർനിർമ്മിക്കാൻ എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലം വിഷൻ 2010-ൽ ഉൾപ്പെടുത്താൻ എന്നാണ് ശിപാർശ ചെയ്തത് ; ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് എത്രയാണെന്നും എന്നത്തേക്ക് പുതുക്കിപ്പണിയാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട് 2010-11 വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട് പ്രസ്തുത പ്രവൃത്തിക്ക് 512.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഈ പ്രവൃത്തിയുടെ അടങ്കൽ ഒരു കോടിയിലധികമായതിനാൽ വിഷൻ 2010-ൽ ഉൾപ്പെടുത്തുകയുണ്ടായില്ല.

(സി) 2010 SOR അനുസരിച്ച് എസ്റ്റിമേറ്റ് തുക 512 ലക്ഷം രൂപയാണ്. ആവശ്യമായ ഫണ്ട് ലഭ്യമാകുകയും ഭരണാനുമതി നൽകുകയും ചെയ്തു കഴിഞ്ഞുമാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളു.

മായിപ്പാടി പാലം

184 (2284) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാസർഗോഡ്, മാധൂർ പഞ്ചായത്തിലെ മായിപ്പാടി പാലം അപകടാവസ്ഥയിലാണെന്നതിനാൽ പുതുക്കി പണിയേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly